തമിഴ്നാട്ടുകേസുകളും വെടിവയ്പും.

*258. [10] ശ്രീ. തോപ്പി മൊയ്തീൻകുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തമിഴ്നാട്ടുവെടിവയ്പുസംഭവത്തോടനുബന്ധിച്ച് ഗവണ്മെന്റ് എടുത്തിട്ടുള്ള എല്ലാ കേസുകളും പിൻവലിക്കുവാനും മുഴുവൻ തടവുകാരെയും മോചിപ്പിക്കുവാനും ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

1954 ആഗസ്റ്റുമാസത്തിൽ തമിഴ്നാട്ടുവെടിവയ്പുസംബന്ധിച്ചുണ്ടായിട്ടുള്ള എല്ലാ കേസുകളും പിൻവലിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. തോപ്പി മൊയ്തീൻകുഞ്ഞ് : എന്തടിസ്ഥാനത്തിലാണ് പിൻവലിക്കുന്നത് ?

മി. സ്പീക്കർ : ഈ ചോദ്യത്തിനു് ഇതിനു മുൻപു പലപ്പോഴും ഉത്തരം നൽകിയിട്ടുള്ളതാണ്.

രണ്ടാം പഞ്ചവത്സരപദ്ധതി.

*259. [11] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തിരുവിതാംകൂർ-കൊച്ചിയിൽനിന്നു് എന്തെല്ലാം പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട് ;

(ബി) ഇവയ്ക്കു് മൊത്തം എന്തു ചെലവു കണക്കാക്കിയിട്ടുണ്ട് ;

(സി) ഈ പദ്ധതികൾ അവിഷ്കരിച്ചതു് എന്തടിസ്ഥാനത്തിലാണ്. ബഹുജനസംഘടനകളുമായി ചർച്ചചെയ്തു രൂപീകരിച്ചവയാണോ ഈ പദ്ധതികൾ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ) :

(എ) രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നമ്മുടെ സ്റ്റേറ്റിൽനിന്നു നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ ഒരു ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ട്.*

(ബി) ഈ പദ്ധതികൾക്കു മൊത്തം നൂറിനു മുപ്പത്തിരണ്ടിൽ ചിലപ്പോൾ കോടിരൂപയുടെ ചെലവുവരും.

(സി) ഡിപ്പാർട്ട്മെന്റു മേലദ്ധ്യക്ഷന്മാരുടെയും, ഡിസ്ട്രിക്റ്റു ഡവലപ്മെന്റു കമ്മിറ്റികളുടെയും, പൊതുജനങ്ങളുടെയും, പ്ലാനിംഗ് അഡ്വൈസറി ബോർഡിന്റെയും നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളതു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : കേന്ദ്രഗവണ്മെന്റിനു സമർപ്പിച്ചിട്ടുള്ള എല്ലാ പദ്ധതികളും അംഗീകരിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ : ഇല്ല.

* Please See Appendix III.

LIBRARY ARCHIVES Kerala Legislative Assembly